# കുടിയിറക്കലിന്റെ മൂലമ്പിള്ളി മോഡൽ

**ത**ദ്ദേശീയസമൂഹങ്ങളുടെ സമ്പദ്‌വ്യവസ്ഥയെ, ഉപജീവനോപാധികളെ, സംസ്കാരത്തെ പിഴുതെറിഞ്ഞുകൊണ്ട് ഭരണകൂടങ്ങൾ തുടരുന്ന വികസനാതിക്രമത്തിന്റെ മറക്കാനാവാത്ത നേർസാക്ഷ്യമായിരുന്നു മൂലമ്പിള്ളി കുടിയൊഴിപ്പിക്കൽ. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനലിനെ റോഡുമാർഗ്ഗം പ്രധാന നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിനുള്ള പാതയുടെ നിർമ്മാണത്തിനായാണ് മൂലമ്പിള്ളിയിൽ നിന്നും തദ്ദേശവാസികളെ ബലപ്രയോഗത്തിലൂടെ സർക്കാർ കുടിയൊഴിപ്പിച്ചത്. ചേരാനല്ലൂർ, ഏലൂർ, ഇടപ്പള്ളി, വടുതല, മുളവുകാട് എന്നീ സ്ഥലങ്ങളിൽ നിന്നുമായി 316 കുടുംബങ്ങളെയാണ് 2008 ഫെബ്രുവരി 6 ന് കേരളസർക്കാർ തെരുവിലിറക്കിയത്. മതിയായ നഷ്ടപരിഹാരവും പുനരധിവാസവും നൽകാതെ 10 വർഷങ്ങൾക്കു ശേഷവും നീതിലഭിക്കാതെ കഴിയുകയാണ് വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ എന്ന 'വമ്പൻ' വികസന പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെട്ട ഈ ജനങ്ങൾ. ഭൂമി നഷ്ടപ്പെട്ട മുഴുവൻ കുടുംബങ്ങൾക്കും നാല് സെന്റ് മുതൽ ആറു സെന്റ് വരെ പുനരധിവാസ ഭൂമി എന്നതായിരുന്നു വാഗ്ദാനം. പുനരധിവാസ പ്ലോട്ടുകൾ രണ്ടുനില കെട്ടിടം പണിയാനുള്ള 'എ' ക്ലാസ്സ് ഭൂമിയാക്കുന്നത് വരെ അർഹതപ്പെട്ട 316 കുടുംബങ്ങൾക്കും വാടകയ്ക്ക് താമസിക്കുവാൻ പ്രതിമാസം 5000 രൂപ വീതം നൽകും. ഏറ്റെടുത്ത ഭൂമിക്കും വസ്തുക്കൾക്കും നൽകുന്ന നഷ്ടപരിഹാരതുകയിൽ നിന്ന് ഈടാക്കുന്ന കേന്ദ്ര വരുമാന നികുതി (12 ശതമാനം) പൂർണ്ണമായും ഒഴിവാക്കും. ഒഴിപ്പിക്കപ്പെട്ട കുടുംബങ്ങളിലെ ഒരാൾക്ക് വീതം പദ്ധതിയിൽ തൊഴിൽ നൽകും എന്നെല്ലാമായിരുന്നു വാഗ്ദാനങ്ങൾ. എന്നാൽ കുടിയിറക്കപ്പെട്ട് 10 വർഷം കഴിഞ്ഞിട്ടും കുടിയിറക്കപ്പെട്ട 316 കുടുംബങ്ങളുടെ നിലവിലെ അവസ്ഥ വളരെ ദയനീയമാണ്. സർക്കാർ കണ്ടെത്തിയ ഏഴ് പുനരവധിവാസ കേന്ദ്രങ്ങളിൽ ആറെണ്ണവും ചതുപ്പ് നിറഞ്ഞ കായലോരങ്ങളാണുള്ളത്. ആകെ 48 കുടുംബങ്ങൾ മാത്രമാണ് ഇവിടെ വീടുവെച്ചിട്ടുള്ളത്. ശേഷിക്കുന്ന കുടുംബങ്ങൾ താത്കാലിക ഷെഡുകളിലോ വാടക വീടുകളിലോ ആണ് താമസിക്കുന്നത്. നിർമ്മിച്ച വീടുകൾക്ക് ബലക്ഷയമോ വിള്ളലുകളോ സംഭവിച്ച് ഇടിഞ്ഞുവീഴാറായ അവസ്ഥയിലാണ്. ഭൂമിയുടെ ഉറപ്പില്ലായ്മയാണ് ഇതിന് കാരണമെന്ന് പൊതുമാരമത്ത് ഉദ്യോഗസ്ഥർ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 2009 ൽ അനുവദിച്ചു നൽകിയ ഭൂമി വാസയോഗ്യമാണോ എന്ന പരിശോധന പൊതുമരാമത്ത് നടത്തുന്നത് പോലും 2018 ലാണ്. കുടിയൊഴിക്കപ്പെട്ട കുടുംബങ്ങളിലെ 22 പേർ ഇതിനോടകം പലവിധ അസുഖങ്ങളും ദുരിതങ്ങളും കാരണം മരണപ്പെട്ടിട്ടുണ്ട്. സ്വന്തം ആവാസവ്യവസ്ഥയിൽ നിന്നും കുടിയിറക്കപ്പെട്ടതിലുള്ള മാനസികാസ്വാസ്ഥ്യംമൂലം പലരും ആത്മഹത്യ ചെയ്യുകയും ചെയ്തു. നവഉദാരവത്കരണനയങ്ങളുടെ ഭാഗമായാണ് ട്രാൻഷിപ്പ്മെന്റ് ടെർമിനൽ എന്ന ആശയം ഇന്ത്യയിൽ സജീവമായതും സ്വകാര്യമേഖലയുടെ പങ്കാളിത്തോടെ അത്തരം വൻകിട പദ്ധതികൾ നടപ്പിലാക്കാം എന്ന സ്ഥിതി സംജാതമായതും. അങ്ങനെയാണ് പൊതുമേഖലയിൽ ലാഭകരമായി നടക്കുന്ന കൊച്ചി തുറമുഖം പോരാതെ മറ്റൊരു ട്രാൻഷിപ്പ്മെന്റ് ടെർമിനൽ കൂടി വേണമെന്ന തീരുമാനത്തിലേക്ക് കേന്ദ്ര സർക്കാർ എത്തുന്നത്. ദുബായ് പോർട്ട് വേൾഡ് എന്ന ഏറെ പരിചയസമ്പന്നതയുള്ള അന്താരാഷ്ട്ര കമ്പനിയുടെ ടെണ്ടർ തന്നെ അംഗീകരിക്കപ്പെടുകയും 2005 ഫെബ്രവരി 16ന് അന്ന് പ്രധാനമന്ത്രിയായിരുന്ന മൻമോഹൻ സിംഗ് പദ്ധതിയുടെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. 2011 ഫെബ്രുവരി 11ന് എല്ലാ പണിയും തീർത്ത് കാത്തിരിപ്പ് തുടങ്ങിയ ഒരു മദർ കപ്പലും ഇതുവരെ തീരമണഞ്ഞിട്ടില്ല. 360 കോടി ചെലവഴിച്ചുണ്ടാക്കിയ റെയിൽപാതയിലൂടെ ഒരു ട്രെയിനെങ്കിലും ഓടുന്നതുകാണാൻ സ്ഥലം വിട്ടുകൊടുത്തവർ ഇടയ്ക്കിടെ നോക്കാറുണ്ട്. ഏറെ പരിമിതികൾക്കിടയിലും പ്രതിവർഷം 1,65,000 കണ്ടെയ്നറുകൾവരെ കൈകാര്യം ചെയ്തിരുന്ന കൊച്ചിൻ പോർട്ട് ട്രസ്റ്റിന് കീഴിലുള്ള രാജീവ്ഗാന്ധി ടെർമിനൽ കൂടി എറ്റെടുത്ത് നടത്തുന്നതുകൊണ്ടാണ് ദുബായ് പോർട്ട് വേൾഡ് ലാഭകരമായി നിലനിൽക്കുന്നത്.

**(തയ്യാറാക്കിയത്: ലിഡിയ)**

# കാതിക്കുടത്തിന്റെ കണ്ണുനീർ

**വി**കസനത്തെ കുറിച്ച് ഏറെ ആകുലപ്പെടുന്ന, വ്യവസായ വിരുദ്ധ സമരങ്ങൾ വളർച്ചയെ മുരടിപ്പിക്കും എന്ന് നെറ്റിച്ചുളിക്കുന്ന അഭിവൃദ്ധിയുടെ വക്താക്കൾക്ക് ഉത്തരം മുട്ടുന്ന ചോദ്യങ്ങളാണ് ഇന്നും കാതിക്കുടം ചോദിക്കുന്നത്. ചാലക്കുടിയിൽ നിന്നും അഞ്ച് കിലോമീറ്റർ അകലെ കാതിക്കുടം പ്രദേശത്തെ വിഷമയമാക്കികൊണ്ട് നിറ്റാജലാറ്റിൻ കമ്പനി 1979 ലാണ് പ്രവർത്തനമാരംഭിക്കുന്നത്. മൃഗങ്ങളുടെ എല്ലിൽ നിന്നും രാസപ്രവർത്തനം വഴി ഒസ്സീൻ ഉണ്ടാക്കിയെടുക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. ടൺ കണക്കിന് എല്ലും ഹൈഡ്രോ ക്ലോറിക് ആസിഡും വെള്ളവുമാണ് അസംസ്കൃത പദാർത്ഥങ്ങൾ. പണ്ട് 18 ടൺ എല്ലുകളാണ് ഉപയോഗിച്ചിരുന്നതെങ്കിൽ ഇന്നത് ദിനംപ്രതി 120 ടണ്ണായി വർദ്ധിച്ചിരിക്കുന്നു. ഒരു ലോട്ടിൽ 35 മുതൽ 40 ടൺ വരെ എല്ലുപൊടി ഉപയോഗിക്കുന്നു. അത്തരത്തിൽ ദിവസവും മൂന്ന് ലോട്ട് ചാർജ് ചെയ്യുന്നു. ഒരു ദിവസം ഉപയോഗിക്കുന്ന ഹൈഡ്രോ ക്ലോറിക് ആസിഡിന്റെ അളവ് ഒരു ലക്ഷത്തി ഇരുപതിനായിരം ലിറ്റർ ആണ്. രണ്ട് കോടിയോളം ലിറ്റർ ജലവും ദിനംപ്രതി ഉപയോഗിക്കുന്നു. ഉത്പാദനാനന്തരമുള്ള ദ്രവമാലിന്യങ്ങൾ ചാലക്കുടി പുഴയിലേക്ക് ഒഴുക്കിയതുമൂലം സമീപവാസികളുടെ കിണറുകളിലും പുഴയുടെ കീഴ്ഭാഗങ്ങളിലും ആസിഡിന്റെയും ക്ലോറൈഡിന്റെയും അളവ് വളരെ കൂടുതലായി. ചാലക്കുടിപ്പുഴയിൽ മത്സ്യങ്ങൾ ചത്തുപൊന്തുന്നത് പതിവായി. അന്തരീക്ഷമാകെ ഡൈ കാൽസ്യം ഫോസ്ഫേറ്റിന്റെ ധൂളികളാൽ നിറഞ്ഞു. ആസിഡ് ഫ്യൂമ്സ് പരിസരമാകെ പുക പടലം സൃഷ്ടിച്ചു. രൂക്ഷമായ ദുർ

ഗന്ധമാണ് കമ്പനിയിൽ നിന്നും പുറത്തേക്ക് വമിക്കുന്നത്. മൂക്ക് പൊത്താതെ ഒരാൾക്കും അത് വഴി യാത്ര ചെയ്യാനാകില്ല. കാറ്റിന്റെ ഗതിയനുസരിച്ച് വിദൂര സ്ഥലങ്ങളിലേക്ക് പോലും ചീഞ്ഞ നാറ്റമടിക്കാൻ തുടങ്ങി. വൈകുന്നേരങ്ങളിൽ ദുർഗന്ധം അതിരൂക്ഷമാകുകയും വീടുകളിൽ കുട്ടികൾക്കും മുതിർന്നവർക്കും മനംപുരട്ടലും ഓക്കാനവും ഉണ്ടാവുകയും ചെയ്യുന്നു. കമ്പനിയുടെ പരിസരപ്രദേശങ്ങളിൽ തന്നെ ഖരമാലിന്യങ്ങൾ നേരിട്ട് നിക്ഷേപിക്കാൻ തുടങ്ങിയതും മലിനീകരണം രൂക്ഷമാക്കി. ഇതെല്ലാമാണ് തദ്ദേശീയരെ സമരരംഗത്തേക്ക് എത്തിച്ചത്. ആരോഗ്യപ്രശ്നങ്ങൾ, ക്യാൻസർ മരണങ്ങൾ, അതിരൂക്ഷമായ ദുർഗന്ധം, ചാലക്കുടി പുഴ മലിനീകരണം, മത്സ്യങ്ങളുടെ കൂട്ടക്കുരുതികൾ, മാലിന്യം പരന്നൊഴുകി കൃഷിഭൂമികളുടെ നാശം, ഖരമാലിന്യങ്ങളിലെ ഘനലോഹ സാന്നിധ്യം, പോലീസ് പീഢനങ്ങൾ, കള്ളക്കേസുകൾ, ഗുണ്ടാ ആക്രമണങ്ങൾ എന്നിങ്ങനെയുള്ള ദുരനുഭവങ്ങളിലൂടെയാണ് സമരം കടന്നുപോകുന്നത്. പഞ്ചായത്ത് പ്രവർത്തനാനുമതി നിഷേധിച്ചിട്ടും എൻ.ജി.ഐ.എൽ കമ്പനിക്ക് പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ് കാതിക്കുടത്തെ മറ്റൊരു ഗുരുതരമായ പ്രശ്നം. പഞ്ചായത്ത് എൻ.ജി.ഐ.എൽ കമ്പനിക്ക് ലൈസൻസ് നൽകുന്നില്ലെങ്കിലും അതിനെ മറികടന്നുകൊണ്ടുള്ള കോടതി ഉത്തരവിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയുടെയും പിൻബലത്തിൽ കമ്പനി പ്രവർത്തനം തുടരാൻ കഴിയുന്ന സ്ഥിതിയുണ്ട്. പഞ്ചായത്ത് വർഷങ്ങളായി നൽകിയ പരാതികളൊന്നും മലിനീകരണ നിയന്ത്രണ ബോർഡ് കാര്യമായി പരിഗണിച്ചിട്ടില്ല. പ്രവർത്തനങ്ങൾ പലതും കമ്പനി പഞ്ചായത്തിനോട് വെളിപ്പെടുത്താറില്ല. 24 ഇന പാരിസ്ഥിതിക നിയമങ്ങൾ ലംഘിച്ചുകൊണ്ടാണ് കമ്പനി പ്രവർത്തിക്കുന്നതെന്ന് 2017 ഫെബ്രുവരി 27ന് ദേശീയ ഹരിത ട്രിബ്യൂണൽ വിധിയിലൂടെ പ്രസ്താവിച്ചിരുന്നു. സമര സമിതി ഉന്നയിച്ച മുഴുവൻ ആരോപണങ്ങളെയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡും ഹരിത ട്രിബ്യൂണലും അംഗീകരിക്കുന്നതരത്തിലുള്ള വിധിയാണുണ്ടായത്. ഈ വിധിയെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു എന്ന് കമ്പനി അധികൃതർ പത്രസമ്മേളനത്തിലൂടെ ഉറപ്പുനൽകിയെങ്കിലും പിന്നീട് ഹരിത ട്രിബ്യൂണലിൽ തന്നെ പുനഃപരിശോധന ഹർജി നൽകുകയാണ് അവർ ചെയ്തത്. എന്നാൽ പുനഃപരിശോധനയ്ക്ക് സമർപ്പിച്ച ആവശ്യങ്ങളിൽ ഒന്നൊഴികെ എല്ലാം 2017 നവംബർ 8ന് ഹരിതട്രിബ്യൂണൽ തള്ളുകയുണ്ടായി. ഹരിത ട്രിബ്യൂണൽ മുമ്പ് പുറപ്പെടുവിച്ച ഉത്തരവിലെ 24 നിർദ്ദേശങ്ങളിൽ 23 എണ്ണവും അതേപടി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടും കമ്പനി അതിന് സന്നദ്ധമായിട്ടില്ല. തലമുറകളെ കൊന്നൊടുക്കാൻ ശേഷിയുള്ള മാരകമായ രാസമാലിന്യങ്ങൾ പുഴയിലേക്ക് ഒഴുക്കുന്നത് കമ്പനി തുടരുകയാണ്.

## നിറം മാറുന്ന പെരിയാർ

**കേ**രളത്തിന്റെ വ്യാവസായിക വികസനം സൃഷ്ടിച്ച ദുരന്തങ്ങൾ ഏറ്റവും കൂടുതൽ നേരിടേണ്ടി വന്നത് പെരിയാർ പുഴയ്ക്കും വ്യവസായ മേഖലയായ ഏലൂർ-എടയാർ മേഖലയിലെ ജനങ്ങൾക്കുമാണ്. സംസ്ഥാനത്തിന്റെ ആകെ വ്യവസായത്തിന്റെ 25 ശതമാനവും പെരിയാറിന്റെ തീരങ്ങളിലാണ് എന്നതുകൊണ്ടു തന്നെ ഏകദേശം 50 ലക്ഷത്തോളം ആളുകൾ വിവിധ ആവശ്യങ്ങൾക്കായി ആശ്രയിച്ചു വരുന്ന പെരിയാറിന്റെ ഇന്നത്തെ അവസ്ഥ ശോചനീയമായിരിക്കുകയാണ്. സുലഭമായ ശുദ്ധജലത്തിന്റെ ലഭ്യതയും വൈദ്യുതി നേരിട്ട് ഗ്രിഡിൽ നിന്ന് ലഭിക്കാനുള്ള സാഹചര്യങ്ങളും ഉള്ളതിനാൽ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യരുടെ മേൽനോട്ടത്തിൽ തന്നെ വ്യവസായശാലകൾ സ്ഥാപിക്കപ്പെട്ടു. ഉത്പാദനത്തിനുശേഷം ഉണ്ടാകുന്ന മലിനജലം നേരിട്ട് പുഴയിലേക്ക് ഒഴുക്കിക്കളയാൻ സൗകര്യമുള്ളതുകൊണ്ടാണ്ആദ്യകാലങ്ങളിൽ ഉദ്യോഗമണ്ഡൽ ഭാഗത്ത് വ്യവസായങ്ങൾ കേന്ദ്രീകരിക്കാൻ തുടങ്ങിയത്. 1943 ലാണ് പെരിയാറിന്റെ തീരത്തെ ഉദ്യോഗമണ്ഡൽ കേന്ദ്രീകരിച്ച് ഇന്ത്യൻ അലുമിനിയം കമ്പനി ആരംഭിക്കുന്നത്. പിന്നീട് ട്രാവൻകൂർ കെമിക്കൽസ് മാനുഫാക്ചറിംഗ് കമ്പനി, എഫ്.എ.സി.ടി, ട്രാവൻകൂർ റയോൺസ്, ഇന്ത്യൻ റെയർ എർത്ത്, എച്ച്.എ.എൽ, ബിനാനി സിങ്ക്, പെരിയാർ കെമിക്കൽസ്, യുണൈറ്റഡ് കാറ്റലിസ്റ്റ് എന്നിവയടക്കം 250ൽ അധികം വ്യവസായ സംരംഭങ്ങൾ ഇവിടെ സ്ഥിതിചെയ്യുന്നുണ്ട്. ഈ വ്യവസായങ്ങൾക്കൊന്നും മതിയായ രീതിയിലുള്ള മലിനീകരണ നിയന്ത്രണ സംവിധാനങ്ങളില്ലാത്തതിനാൽ പെരിയാർ നിറം മാറി ഒഴുകുകയും, ആസിഡും ആൽക്കലിയും കലർന്ന് മത്സ്യങ്ങൾ വ്യാപകമായി ചത്തൊടുങ്ങുകയും അമിതമായി പ്ലവകസസ്യ പ്രജനനം നടക്കുകയും ചെയ്തതിലൂടെ ഏറെ പാരിസ്ഥിതിക-സാമൂഹിക സേവനങ്ങൾ നടത്തിവന്ന ഒരു പുഴ തന്നെ ഇല്ലാതായി. അനുവദിക്കപ്പെട്ടതിലും അധികം അളവിൽ വിവിധതരം രാസവസ്തുക്കൾ ഏലൂർ പ്രദേശത്ത് പെരിയാറിലുള്ളതായി നിരവധി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. ഇതെല്ലാം വ്യവസായങ്ങൾ അനധികൃതമായി മാലിന്യം തള്ളുന്നതിന്റെ തെളിവുകളാണ്. ഇവിടെ മത്സ്യങ്ങൾ ചത്തുപൊങ്ങുന്നതും, ജലത്തിനു നിറം മാറ്റം അനുഭവപ്പെടുന്നതും പതിവായിരിക്കുന്നു. ഭരണകൂട-രാഷ്ട്രീയ-വ്യവസായ ലോബികളുടെ ചങ്ങാത്ത താത്പ്പര്യങ്ങൾ മൂലം പെരിയാറിൽ രാസമലിനീകരണം ഇപ്പോഴും അനിയന്ത്രിതമായി തുടരുകയാണ്. മലിനീകരണംമൂലം തൊഴിലാളികൾക്കും പരിസരവാസികൾക്കും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളും സാമ്പത്തികപ്രശ്നങ്ങളും ഉണ്ടായിട്ടും കാലഹരണപ്പെട്ട വ്യവസായ വികസന കാഴ്ച്ചപ്പാടുമായി ഭരണകൂടം മുന്നോട്ടുപോകുന്നു. ജനസമൂഹങ്ങൾ ആശ്രയിക്കുന്ന പുഴയെന്ന പ്രകൃതിവിഭവത്തിന് പരിഗണന നൽകാതെ വ്യാവസായിക വികസനത്തിന് മാത്രം ഊന്നൽ നൽകുന്ന വികസനനയത്തിന്റെ ദുരന്തമാണ് പെരിയാറിനെ കൊല്ലുന്നത്. വികസനമെന്നാൽ സാമ്പത്തിക വളർച്ചയാണെന്നും അതിന് നിയന്ത്രണങ്ങളില്ലാത്ത മൂലധനനിക്ഷേപവും അമിത വ്യവസായവത്കരണവും വേണമെന്നും കരുതുന്ന ഭരണകൂടത്തിന്റെ സാമ്പത്തിക യുക്തിയാണ് പെരിയാർ മലിനീകരിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുന്നതിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നത്.